**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 206** **13-02-2024 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി കരാറുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. ടി. ജെ. വിനോദ്** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | 2011 -16 ലെ സർക്കാരിന്റെ കാലത്തെ ദീർഘകാല വൈദ്യുതി കരാറുകൾ റദ്ദാക്കിയ ശേഷം കെ.എസ്.ഇ.ബി. ഹ്രസ്വകാലത്തേക്കും ദീർഘകാലത്തേക്കുമായി അദാനി കമ്പനിയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | നിലവിലുള്ള ദീർഘകാല വൈദ്യുതി കരാറുകൾ നിർത്തലാക്കുകയോ വീണ്ടും കരാർ ഉണ്ടാക്കുകയോ ചെയ്തിട്ടില്ല. എന്നാൽ, 565 MW വൈദ്യുതി വാങ്ങുന്നതിന് 2014-15-ൽ ഒപ്പ്ുവച്ച ദീർഘകാല കരാറുകൾക്ക് അംഗീകാരം നല്കണമെന്ന KSEBL-ന്റെ ആവശ്യം നിരസിച്ചുകൊണ്ട് 10.05.2023- ൽ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ 29.12.2023 ലെ റെഗുലേറ്ററി കമ്മീഷന്റെ ഉത്തരവ് പ്രകാരം കെ.എസ്.ഇ.ബി.എൽ-ന്റെ ആവശ്യം അംഗീകരിക്കുകയും കരാർ പ്രകാരമുള്ള നിരക്കിൽ തന്നെ വൈദ്യുതി നൽകണമെന്ന് ഉല്പാദകരോട് നിർദ്ദേശി ക്കുകയും ചെയ്തിട്ടുണ്ട്. മഴയുടെ ലഭ്യതയിൽ ഉണ്ടായ കുറവ് നിമിത്തവും, ജല സംഭരണികളിൽ നീരൊഴുക്ക് കുറഞ്ഞതും, കാലാവസ്ഥ വ്യതിയാനം മൂലം വൈദ്യുതി ഉപഭോഗം കൂടിയതിന്റെയും ദീർഘകാല കരാറുകളിൽ നിന്നും പൂർണ്ണതോതിൽ വൈദ്യുതി ലഭ്യമാകാത്തതും, ഫലമായി ഉണ്ടായ കുറവ് നികത്താൻ വേണ്ടി കെ.എസ്.ഇ.ബി.എൽ ഹ്രസ്വകാല കരാറു കളിൽ റെഗുലേറ്ററി കമ്മീഷന്റെ നിർദ്ദേശവും അനുമതിയോടുകൂടി ഏർപ്പെട്ടിട്ടുണ്ട്. ഇങ്ങനെ ഹ്രസ്വകാല കരാറുകളിൽ ഏർപ്പെട്ടിട്ടുള്ള ഉത്പാദകരിൽ അദാനി എന്റർപ്രൈസസും ഉൾപ്പെടും. റെഗുലേറ്ററി കമ്മീഷന്റെ അനുമതിയോടെ അദാനി എന്റർപ്രൈസസ് ലിമിറ്റഡ് ആഗസ്റ്റ് 2023 മാസത്തേക്ക് 100 MW ന്റെയും ഫെബ്രുവരി 2024-ൽ 30 MW ന്റെയും ഏപ്രിൽ 2024 ലേക്ക് 150 MW ന്റെയും ഹ്രസ്വകാല കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്. നിലവിൽ ഉണ്ടായിരുന്ന ദീർഘകാല കരാറിന് പകരമായി കെ.എസ്.ഇ.ബി.എൽ ഒരു ദീർഘകാല കരാറിലും ഏർപ്പെട്ടിട്ടില്ല . |

| | | | |
|---|---|---|---|
| (ബി) | എങ്കിൽ പ്രസ്തുത കരാറിന്റെ വിശദാംശം ലഭ്യമാക്കാമോ; | (ബി) | നിലവിലുള്ള ദീർഘകാല വൈദ്യുതി കരാറുകൾ നിർത്തലാക്കുകയോ വീണ്ടും കരാർ ഉണ്ടാക്കുകയോ ചെയ്തിട്ടില്ല. എന്നാൽ, 565 MW വൈദ്യുതി വാങ്ങുന്നതിന് 2014-15-ൽ ഒപ്പുവച്ച ദീർഘകാല കരാറുകൾക്ക് അംഗീകാരം നല്കണമെന്ന KSEBL-ന്റെ ആവശ്യം നിരസിച്ചുകൊണ്ട് 10.05.2023- ൽ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ 29.12.2023 ലെ റെഗുലേറ്ററി കമ്മീഷന്റെ ഉത്തരവ് പ്രകാരം കെ.എസ്.ഇ.ബി.എൽ-ന്റെ ആവശ്യം അംഗീകരിക്കുകയും കരാർ പ്രകാരമുള്ള നിരക്കിൽ തന്നെ വൈദ്യുതി നൽകണമെന്ന് ഉല്പാദകരോട് നിർദ്ദേശി ക്കുകയും ചെയ്തിട്ടുണ്ട്. മഴയുടെ ലഭ്യതയിൽ ഉണ്ടായ കുറവ് നിമിത്തവും, ജല സംഭരണികളിൽ നീരൊഴുക്ക് കുറഞ്ഞതും, കാലാവസ്ഥ വ്യതിയാനം മൂലം വൈദ്യുതി ഉപഭോഗം കൂടിയതിന്റെയും ദീർഘകാല കരാറുകളിൽ നിന്നും പൂർണ്ണതോതിൽ വൈദ്യുതി ലഭ്യമാകാത്തതും, ഫലമായി ഉണ്ടായ കുറവ് നികത്താൻ വേണ്ടി കെ.എസ്.ഇ.ബി.എൽ ഹ്രസ്വകാല കരാറു കളിൽ റെഗുലേറ്ററി കമ്മീഷന്റെ നിർദ്ദേശവും അനുമതിയോടുകൂടി ഏർപ്പെട്ടിട്ടുണ്ട്. ഇങ്ങനെ ഹ്രസ്വകാല കരാറുകളിൽ ഏർപ്പെട്ടിട്ടുള്ള ഉത്പാദകരിൽ അദാനി എന്റർപ്രൈസസും ഉൾപ്പെടും. റെഗുലേറ്ററി കമ്മീഷന്റെ അനുമതിയോടെ അദാനി എന്റർപ്രൈസസ് ലിമിറ്റഡ് ആഗസ്റ്റ് 2023 മാസത്തേക്ക് 100 MW ന്റെയും ഫെബ്രുവരി 2024-ൽ 30 MW ന്റെയും ഏപ്രിൽ 2024 ലേക്ക് 150 MW ന്റെയും ഹ്രസ്വകാല കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്. നിലവിൽ ഉണ്ടായിരുന്ന ദീർഘകാല കരാറിന് പകരമായി കെ.എസ്.ഇ.ബി.എൽ ഒരു ദീർഘകാല കരാറിലും ഏർപ്പെട്ടിട്ടില്ല . |
| (സി) | 2011 - 16-ലെ കാലത്തെ ദീർഘകാല വൈദ്യുതി കരാറുകൾ റദ്ദാക്കിയത് അദാനി കമ്പനിയെ സഹായിക്കാനാണ് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | ദീർഘകാല വൈദ്യുതി കരാറുകൾ റദ്ദാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ